**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5016** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇ.എസ്.ഐ. പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികളെ കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | ഇ.എസ്.ഐ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികളെ കണ്ടെത്തി ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ഫാക്ടറികൾ/ കടകൾ/ തൊഴിലാളികൾക്ക് യോഗ്യതയുള്ളതും എന്നാൽ ഇ.എസ്.ഐ പരിരക്ഷ നൽകാത്തതുമായ തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ഇ.എസ്.ഐ പദ്ധതിയിൽ ചേരാത്ത സ്ഥാപനങ്ങൾ/ തൊഴിലാളികളെ കണ്ടെത്തുന്നതിനായി ഇ.എസ്.ഐ കോർപ്പറേഷൻ സർവേകളും പരിശോധനകളും നടത്താറുണ്ട്. അതോടൊപ്പം തൊഴിലുടമകൾക്ക് തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ഉത്തരവാദിത്തത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നൽകുന്നുണ്ട്. തൊഴിലാളികൾക്ക് ലഭിക്കേണ്ട ഇ.എസ്.ഐ ആനുകൂല്യങ്ങളെ കുറിച്ച് ബോധവൽക്കരണവും നടത്താറുണ്ട്. |
| (ബി) | ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പേരൂർക്കട, വടവാതൂർ, ആലപ്പുഴ, എറണാകുളം, ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ 5 ബെഡ്ഡുള്ള പോസ്റ്റ് ഓപ്പറേറ്റീവ് IC യൂണിറ്റുകളും വകുപ്പിൽ ആദ്യമായി മുളങ്കുന്നത്തുകാവ് (CD) ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ പോസ്റ്റ് ഓപ്പറേറ്റീവ് IC യൂണിറ്റുകൾ ഇല്ലാത്ത മുളങ്കുന്നത്തുകാവ് (CD), പാലക്കാട്, തോട്ടട എന്നീ ഇ.എസ്.ഐ ആശുപത്രികളിൽ പുതിയ പോസ്റ്റ് ഓപ്പറേറ്റീവ് IC യൂണിറ്റുകൾ പ്രവർത്തന സജ്ജമായി വരുന്നു. |

| | | | |
|---|---|---|---|
| | | | ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ ഒഫ്ത്താൽമോളജി തിയേറ്റർ പണിയുന്നതിനു വേണ്ടിയും ആലപ്പുഴ പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ പുതിയ ഒ.പി ബ്ലോക്കുകൾ പണിയുന്നതിനും ഇ.എസ്.ഐ കോർപ്പറേഷന് ശിപാർശ നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രിയിൽ നിലവിലുള്ള 65 ബെഡിൽ നിന്നും 100 ആക്കി മാറ്റുന്നതിനായി ഒരു ബഹുനില കെട്ടിടം പണിയുന്നതിനായുള്ള ശിപാർശ ഇ.എസ്.ഐ കോർപ്പറേഷന് നൽകിയിട്ടുണ്ട്.<br><br>ശോചനീയാവസ്ഥയിലുള്ള ഇ.എസ്.ഐ ഡിസ്പെൻസറികൾ വാടക കെട്ടിടങ്ങൾ കണ്ടെത്തി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പേരൂർക്കട, ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി പ്രവർത്തിച്ചു വരുന്നു. കിടപ്പു രോഗികൾക്ക് വീടുകളിൽ ചെന്ന് സേവനം നൽകുന്നതിലേക്കായി കൊല്ലം ജില്ലയിൽ മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിച്ചു വരുന്നു. |
| (സി) | എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ 9 ആശുപത്രികളിലുമായി 61 സ്പെഷ്യലിസ്റ്റുമാരുടെ സേവനം നൽകിവരുന്നുണ്ട്. ഡിസ്പെൻസറികളിൽ സ്പെഷ്യലിസ്റ്റ് തസ്തിക ഇല്ലെങ്കിലും മിക്ക ഡിസ്പെൻസറികളിലും സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാരാണ് ജോലി നോക്കിവരുന്നത്. ഡിസ്പെൻസറികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ആവശ്യമുള്ള പക്ഷം ഇ.എസ്.ഐ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ